പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 919 **14-10-2026-ൽ മറുപടിയ്ക്ക്**

നെയ്യാർ ഇടതുകര കനാൽ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. സി. കെ. ഹരീന്ദ്രൻ ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) നെയ്യാർ ഇടതുകര കനാലിൽ കൃത്യമായ ഇടവേളകളിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്താത്തതിനാൽ കനാലിനുള്ളിൽ വൃക്ഷങ്ങളും സസ്യങ്ങളും വളരുകയും മാലിന്യങ്ങൾ അടിഞ്ഞുകൂടുകയും ചെയ്തതുമൂലം ജലത്തിന്റെ സ്വാഭാവിക ഒഴുക്ക് തടസ്സപ്പെടുന്നതായും പ്രസ്തുത കനാലിലെ വെള്ളം വണ്ടിച്ചിറ ഉൾപ്പെടെയുള്ള കുടിവെള്ള പദ്ധതികൾക്കായി ഉപയോഗിക്കുന്നതിനാൽ ജലസ്രോതസ്സിന്റെ സംരക്ഷണം ഏറെ പ്രാധാന്യമർഹിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

മറുപടി: ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നെയ്യാർഡാമിന്റെ ഇടതുകര കനാലിൽ, ഫണ്ടിന്റെ അഭാവം മൂലം, കൃത്യമായ ഇടവേളകളിൽ 'കനാൽ വൃത്തിയാക്കുന്ന പണികൾ' ചെയ്യുവാൻ സാധിക്കാതെ വരാറുണ്ട്. എന്നാൽ ജലവിതരണ സമയത്ത്, കനാലിനുള്ളിൽ വളരുന്ന സസ്യങ്ങളും, ഒഴുക്ക് തടസ്സപ്പെടുത്തുന്നതായ മാലിന്യങ്ങളും മറ്റും 'Annual Cleaning' ൽ ഉൾപ്പെടുത്തി നീക്കം ചെയ്യുകയും, അതുമൂലം കനാലിലൂടെ ജലവിതരണം സുഗമമായി നടക്കുകയും ചെയ്യുന്നുണ്ട്. 2026-27 ആക്ഷൻ പ്ലാനിലും, ബണ്ടിൽ നിൽക്കുന്ന മരങ്ങൾ മുറിച്ചു മാറ്റുന്ന പ്രവൃത്തി, നിശ്ചിത അളവ് ചെളി മാറ്റി കനാൽ വൃത്തിയാക്കുന്നതിനുള്ള പദ്ധതി എന്നിവ ഉൾപ്പെടുത്തിയിട്ടുള്ളതാണ്.

(ബി) നെയ്യാർ ഇടതുകര കനാലിൽ ആവശ്യമായ രീതിയിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തി കനാലിലെ ജലത്തിന്റെ സുഗമമായ ഒഴുക്ക് ഉറപ്പാക്കുന്നതിനും കുടിവെള്ള പദ്ധതികൾക്കായി ഉപയോഗിക്കുന്ന ജലത്തിന്റെ ഗുണനിലവാരം സംരക്ഷിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

മറുപടി: നെയ്യാർ ഇടതുകര കനാലിന്റെ ശുചീകരണ പ്രവർത്തനങ്ങൾ 2026-27 വർഷത്തെ ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തി പ്രവൃത്തികൾ തുടങ്ങുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. പ്രധാനമായും കൃഷി ആവശ്യങ്ങൾക്ക് വേണ്ടിയാണ് നെയ്യാർ ഡാമിലെ ജലം ഉപയോഗിക്കുന്നത്. വണ്ടിച്ചിറ കുടിവെള്ള പദ്ധതിക്കായി Kerala Water Authority, ജലത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നുണ്ട്.

(സി) നെയ്യാർ ഇടതുകര കനാലിന്റെ വിവിധ ഭാഗങ്ങളിൽ കാലാന്തരത്തിൽ പാർശ്വഭിത്തികൾക്ക് വിള്ളൽ സംഭവിച്ചതിനെ തുടർന്ന് കനാലിൽ വെള്ളം തുറന്നുവിടുന്ന സമയത്ത് ചോർച്ചയുണ്ടായി

കനാലിന്റെ ഇരുവശങ്ങളിലുമുള്ള വീടുകളിലേക്കും റോഡുകളിലേക്കും വെള്ളം ഒഴുകിയെത്തുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

മറുപടി: ഈ കഴിഞ്ഞ ജലവിതരണ സമയത്തു പ്രസ്തുത കനാലിന്റെ വിവിധ ചെയിനേജുകളിൽ (Ch.0.00m, 3300m, 5600m, 7800m, 7500m, 12200m) ചോർച്ചയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടാതെ പല ഭാഗത്തും, സംരക്ഷണ ഭിത്തിയ്ക്ക് കേടുപാടുകൾ സംഭവിച്ചിട്ടുള്ളത് കനാൽ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതുമാണ്. ജലവിതരണ സമയത്ത് ലീക്ക് വരുന്നത് തടയുന്നതിനായി, ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തി പ്രവൃത്തികൾ ചെയ്തു വരുന്നു.

(ഡി) പ്രസ്തുത കനാലിന്റെ പാർശ്വഭിത്തികളിലെ വിള്ളലുകളും മറ്റ് തകരാറുകളും ശാസ്ത്രീയമായി പരിശോധിച്ച് അടിയന്തരമായി അറ്റകുറ്റപ്പണികൾ നടത്തി ചോർച്ച ഒഴിവാക്കുന്നതിനും സമീപവാസികളുടെ വീടുകൾക്കും റോഡുകൾക്കും ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

മറുപടി: മറുപടി 'സി' പിരിവിൽ ചേർത്തിട്ടുണ്ട്.

(ഇ) നെയ്യാർ ഇടതുകര കനാലിന്റെ ഭാഗമായ ആര്യങ്കോട് ഗ്രാമപഞ്ചായത്തിലെ തൊട്ടിപ്പാലം നിരവധി വിനോദസഞ്ചാരികൾ എത്തിച്ചേരുന്ന പ്രദേശമായതിനാൽ, പാലത്തിന്റെ നിലവിലുള്ള ചോർച്ച പരിഹരിക്കുന്നതിനും ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തി കൂടുതൽ സുരക്ഷിതവും ആകർഷകവുമായ രീതിയിൽ മോടിപിടിപ്പിക്കുന്നതിനും പ്രത്യേക പദ്ധതി തയ്യാറാക്കി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

മറുപടി: തൊട്ടിപ്പാലത്തിലെ ചോർച്ച മാറ്റുന്നതിനും അറ്റകുറ്റപണികൾക്കുമായി 75 ലക്ഷം രൂപ വരുന്ന "General NIP Action Plan 2026-27- DAM 2603-Side protection works of slided soil at Mandapathinkadavu ch.8000m and maintenance of aqueduct near ch.10200m LBC-General Civil Work-"-IRR/IA/EST/2919/2026_5_1_1 എന്ന പ്രവർത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ, നടപ്പ് സാമ്പത്തിക വർഷത്തിൽ, NIP Action Plan 2026-27ൽ പ്രവൃത്തിക്ക് ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ആയതിന്റെ പണികൾ ആരംഭിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ